# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാകത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എകെടിഎംപി10/158/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാകത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെഡിഎംപി10/158/2023 തീയ്യതി: 04/03/2023

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാജേഷ് എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റോസമ്മ മത്തായി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പ്രസന്നകുമാരി ടി. എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 14-04-2021 |
| | | 26-06-2021 | 30-06-2021 |
| | | 24-10-2021 | 02-11-2021 |
| സാബു പി. പി. | സെക്രട്ടറി | 15-04-2021 | 25-06-2021 |
| ഹരികുമാർ എസ്. | സെക്രട്ടറി | 01-07-2021 | 22-07-2021 |
| ജെ. ഗിരീഷ്കുമാർ | സെക്രട്ടറി | 22-07-2021 | 23-10-2021 |
| അനിൽകുമാർ ഡി. | സെക്രട്ടറി | 03-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മുഹമ്മദ് അൻസിം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. എം. കെ. സത്യൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-10-2021 |
| ഡോ. വിജിമോൾ എ. എം. | വെറ്റിനറി സർജൻ | 01-11-2021 | 25-02-2022 |
| ഡോ. മായാ ജെയിംസ് | വെറ്റിനറി സർജൻ | 26-02-2022 | 31-03-2022 |
| ഡോ. സിജി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(CHC) | 01-04-2021 | 31-03-2022 |
| ഡോ. ബീനാ എബ്രഹാം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. അനി പി. പ്രകാശം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| സുജിത് കുമാർ എസ്. വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വാകത്താനം) | 01-04-2021 | 26-08-2021 |
| ശരണ്യാദേവ് ഡി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വാകത്താനം) | 27-08-2021 | 31-03-2022 |
| ഷൈല | വില്ലേജ് എക്സ്റ്റെൻഷൻ | 03-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(തോട്ടക്കാട്) | | |
| കാർത്തിക ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ദിവ്യ വി. ആൻഡ്രൂസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| പ്രീതി രാജ് | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഗേളി മേരി ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2021 | 31-03-2022 |
| ജയലക്ഷ്മി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2021 | 31-03-2022 |
| പ്രസന്നകുമാരി ടി. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

01/04/2021 മുതൽ 02/11/2021 വരെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തോട്ടക്കാട്) തസ്തിക ഒഴിവായിരുന്നു. ICDS സൂപ്പർ വൈസർ 09.11.2021 മുതൽ 14.11.2021 വരെ തസ്തിക ഒഴിവായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വികസനഫണ്ട് മൂന്നാം ഗഡു സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ അക്കൗണ്ട് ചെയ്തില്ല | 1-11 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം-എ.സി.ആർ. സൂക്ഷിക്കുന്നില്ല | 1-12 |
| 13 | ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല | 1-13 |
| 14 | 20 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-14 |
| 15 | കെട്ടിടത്തിന്റെ കൃത്യമായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല | 1-15 |
| 16 | പഞ്ചായത്തിന്റെ തൊഴിൽ നികുതി- ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 17 | പഞ്ചായത്തിന്റെ ലിസ്റ്റിലുള്ള സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി | 1-17 |
| 18 | പഞ്ചായത്ത് ഓഫീസിന് സമീപമുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-18 |
| 19 | വാടക- പൊതു അപാകതകൾ | 1-19 |
| 20 | വാടക ഡിമാന്റിലും കണക്കുകളിലും അപാകതകൾ നിലനിൽക്കുന്നു | 1-20 |
| 21 | IFTEOS ലൈസൻസ്-ഡിമാന്റ് രജിസ്റ്ററിലും കണക്കുകളിലും അപാകതകൾ | 1-21 |
| 22 | കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു | 1-22 |
| 23 | ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-23 |
| 24 | സർക്കാർ അനുമതി ഇല്ലാതെ കാലഹരണപ്പെട്ട യാത്രപ്പടി വിതരണം ചെയ്തു | 1-24 |
| 25 | ജലവിതരണം ഇല്ലാത്ത സ്ട്രീറ്റ് ടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നു | 1-25 |
| 26 | സ്ക്രാപ്പ് ബാറ്ററി വില പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചില്ല | 1-26 |
| 27 | ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ -പ്രോജക്ട് നിർവ്വഹണത്തിലെ | 1-27 |

| | | |
|---|---|---|
| | അപാകതകൾ | |
| 28 | വസ്തു ഏറ്റെടുക്കൽ - പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത | 1-28 |
| 29 | തെരുവുവിളക്ക് പരിപാലനത്തിന് ഫലപ്രദമായ നിർവ്വഹണ സംവിധാനം ഇല്ല | 1-29 |
| 30 | പെറ്റി വർക്കുകളുടെ നിർവ്വഹണം - അപാകതകൾ | 1-30 |
| 31 | കന്നുകുട്ടി പരിപാലനം - അക്കൗണ്ടിംഗിലെ അപാകത | 1-31 |
| 32 | തുല്യതാകോഴ്സുകൾ -സാക്ഷരതാമിഷനിൽ നിന്ന് രേഖകൾ ലഭിച്ചില്ല | 1-32 |
| 33 | ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല | 1-33 |
| 34 | വീട് വാസയോഗ്യമാക്കൽ -പൂർത്തീകരിച്ചില്ല | 1-34 |
| 35 | ലൈഫ് ഭവനപദ്ധതി -പട്ടികവർഗവിഭാഗം -ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് | 1-35 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2021-22 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 7,363,526/- | 15,350,818/- |
| വരവ് | 168,142,000/- | 93,918,210/- |
| ആകെ | 175,505,526/- | 109,269,028/- |
| ചെലവ് | 165,494,400/- | 92,438,695/- |
| നീക്കിയിരിപ്പ് | 10,011,126/- | 16,830,333/- |

ബജറ്റ് പ്രകാരം 16.81 കോടി രൂപയുടെ പ്രതീക്ഷിത വരവും 16.55 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 17.64 കോടി രൂപയും ചെലവ് 18.33 കോടി രൂപയുമാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി വലിയ അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ മുന്നിരിപ്പ് കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011- കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 176,396,442/- രൂപയും ചെലവ് 183,276,310/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 6,879,868/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 81,852,626/- രൂപയും ബാധ്യതകളുടെ മൂല്യം 63,102,903/- രൂപയും ജനറൽ ഫണ്ട് 18,749,723 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് അതാത് ഗ്രാന്റ് ശീർഷകങ്ങളിൽ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ടി ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കുന്നില്ല.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ 31/03/2022 ലെ നീക്കിയിരിപ്പ് പ്രസ്തുത ഗ്രാന്റുകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല (ഉദാ: ICDS ഫണ്ട്).
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സർക്കാരിലേക്ക് ഒടുക്കാനുള്ള തുകകളിൽ 31/03/2022 ബാലൻസ് ഷീറ്റിൽ പ്രളയ സെസ്സ് നെഗറ്റീവ് ബാലൻസ് നിലനിൽക്കുന്നു (-83).
5. 350410101, 350410102, 350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി,

ലൈസൻസ് ഫീസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല. മുൻവർഷങ്ങളിൽ തൻവർഷത്തേക്കായി ലഭിച്ച നികുതി/നികുതിയേതര വരവുകൾ 2021-22 വർഷത്തേക്കുള്ളത് ക്രമീകരിക്കപ്പെട്ടോ എന്നതിൽ വ്യക്തതയില്ല.

6. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശവും ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.
8. 2021-22 വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തേക്കനടി പാടശേഖരം 5 ഏക്കർ, ജറുസലേം മൗണ്ട് 45 സെന്റ് എന്നിവ കാർഷികാവശ്യത്തിന് പാട്ടത്തിന് നൽകിയിരുന്നു. ടി സ്ഥലങ്ങളൊന്നും പഞ്ചായത്തിന്റെ ആസ്തിയായി 31/03/2022 വരെയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
9. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ വിവിധ പ്രോജക്ടുകൾപ്രകാരം തൻവർഷം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും RP-41 പ്രകാരം ആകെ- 1192982/- രൂപ മാത്രമാണ് സുസ്ഥിര ആസ്തിയായി 2021-22 വർഷം ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന എഞ്ചിനീയറിങ്ങ് പ്രോജക്ടു ചെലവുകൾ റവന്യൂ ചെലവുകളായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകത മൂലം പഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി (Financal Position) ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
10. കൃഷി ഓഫീസർ നടപ്പാക്കിയ ജലസേചന പമ്പ് സെറ്റ് വിതരണം (പ്രോജക്ട് നം.156/22) ചെലവ് 94,047/- രൂപ ക്രിമറ്റോറിയം ഷെഡ് ഇനം ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
11. ആയുർവേദ മെഡിക്കൽ ഓഫീസർ പ്രോജക്ട് പ്രകാരം വാങ്ങിയ കമ്പ്യൂട്ടറും ഐ.റ്റി. ഉപകരണങ്ങളും ഫർണിച്ചറും വൃദ്ധസദനത്തിലേക്ക് ഫർണ്ണിച്ചർ എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
12. 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതി കുടിശിക 1,740/- രൂപ ഒടുക്കാനുള്ളത് ഏത് സ്ഥാപനമാണ് എന്നതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല.
13. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ഈ ശീർഷകത്തിൽ നിന്നും തുകയൊന്നും ആസ്തിയായി ക്രമീകരിച്ചിട്ടില്ല. കൃത്യമായ ക്രമീകരണം നടത്താതിരുന്നതിനാലാണ് 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 41.67 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അവശേഷിക്കുന്നത്.
14. തൻവർഷം Court Deposit ആയി നൽകിയ 5,262,995/- രൂപ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ടി തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ട തുകയായിരുന്നു. മുൻവർഷങ്ങളിലെ 40 ലക്ഷം രൂപയും ഉൾപ്പടെ 9,262,995/- രൂപ Court Deposit നിക്ഷേപ ശീർഷകത്തിലേക്ക് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തേണ്ടതാണ്. കേരള ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലാണ് നിക്ഷേപം ക്രമീകരിക്കേണ്ടത്.
15. വാകത്താനം ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച ഓഫീസ് അറ്റൻഡന്റ് ശ്രീ ബിനുവിന്റെ ഓണം അഡ്വാൻസ് തുക പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ നിന്ന് ഒടുക്കിയത് പഞ്ചായത്തിന് ബാധ്യതയായി 350110199-Other Employee Liabilities Payable ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുക 460100101-Festival Advance ശീർഷകത്തിൽ വരവായി ചേർത്ത് മുൻകൂർ ക്രമീകരിക്കേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത മൂലം 31/03/2022 ബാലൻസ് ഷീറ്റിൽ 15,000/- രൂപ ബാധ്യതയായും മുൻകൂർ ക്രമീകരിക്കാതെയും അവശേഷിക്കുന്നു.
16. വസ്തുനികുതി കുടിശിക ഡിമാന്റിലുണ്ടായിരുന്ന 238,091/- രൂപ Pror Period ഇനമായി ക്രമീകരിച്ചതിന് അടിസ്ഥാനമായ രേഖകളില്ല.

17. 2021-22 വർഷം വാർഷിക കണക്ക് പ്രകാരം 891299/- രൂപയായിരുന്നു വാടക ഡിമാന്റ്. ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി. പത്രിക എന്നിവ പ്രകാരം 1,044,468/- രൂപയാണ് ഡിമാന്റ്. വാടക ഇളവും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകതകൾ നിലനിൽക്കുന്നതിനാൽ വാടകയിനത്തിൽ ലഭിക്കാനുള്ള തുക 31/03/2022 ലെ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നതിന്റെ ആധികാരികത വ്യക്തമല്ല.
18. ക്യാമ്പ് കളക്ഷൻ തുക 431910201-Outdoor Collection Control Account ശീർഷകത്തിൽ വരവായി ലഭിക്കുന്നത് ഡിമാന്റിനനുസരിച്ച് പോസ്റ്റ് ചെയ്യുന്നത് ചെലവായി അക്കൗണ്ട് ചെയ്യപ്പെടുന്നു. ഡിമാന്റിനനുസരിച്ച് പോസ്റ്റ് ചെയ്യുന്ന തുക ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കപ്പെടുകയാണ് ചെയ്യേണ്ടിയിരുന്നത്(2021-22 വർഷം 101,697/- രൂപയുടെ വരവും ചെലവും റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നു).
19. പ്രോജക്ട് നം.238/22 അങ്കണവാടികളിൽ ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ ചെലവ് 75,000/- രൂപ ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
20. കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 266,575/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
21. ജി.ഓ. പ്രോജക്ട് അക്കൗണ്ടിങ്ങ് അപാകത മൂലം 9.02 ലക്ഷം രൂപ വായ്പ തിരിച്ചടവ് വായ്പ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. വായ്പ ശീർഷകത്തിൽ ടി തുക 31/03/2022 ബാലൻസ് ഷീറ്റിൽ അധിക ബാധ്യതയായി അവശേഷിക്കുന്നു.
22. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി 2022-23 വർഷം തന്നെ പരിഹരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമാക്കുന്നതിന് അക്കൗണ്ട് ചെയ്യുന്ന ജേർണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ വരവ്, ചെലവ്, ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15,350,818/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93,918,210/- |
| ആകെ | 109,269,028/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92,438,695/- |
| നീക്കിയിരിപ്പ് | 16,830,333/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1348586/- |

## 1-4 ഗ്രാന്റ് വിനിയോഗം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | ചെലവ് |
|---|---|---|---|---|---|---|

| | | വരവ് | | | ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 19,430,084/- | 19,430,084/- | 19,420,008/- | 10,076/- | 99.95 |
| വികസന ഫണ്ട്- SCSP | 0 | 4,202,167/- | 4,202,167/- | 4,136,759/- | 65,408/- | 98.44 |
| വികസന ഫണ്ട്- TSP | 0 | 289,458/- | 289,458/- | 251,999/- | 37,459/- | 87.06 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3,926,179/- | 3,926,179/- | 3,774,767/- | 151,412/- | 96.14 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 9,602,348/- | 9,602,348/- | 3,345,735/- | 6,256,613/- | 34.84 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 8,326,402/- | 8,326,402/- | 6,815,437/- | 1,510,965/- | 81.85 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 7,881,395/- | 7,881,395/- | 2,853,769/- | 5,027,626/- | 36.21 |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 53,495/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 19,425,000/- | 5,084/- | 19,430,084/- | 290/22-496,400/-<br>293/22-496,400/-<br>496,400/-<br>294/22-1,525,333/-<br>291/22-770,000/-<br>770,000/-<br>ആകെ-4,554,533/- | 14,875,551/- |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-SCSP | 4,160,000/- | 42,167/- | 4,202,167/- | 295/22-410,667/-<br>292/22-132,000/-<br>132,000/-<br>ആകെ-674,667/- | 3,527,500/- |
| വികസന ഫണ്ട്-TSP | 252,000/- | 37,458/- | 289,458/- | ഇല്ല | 289,458/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 7,229,000/- | 528,900/-<br>53,495/- | 7,881,395/- | ഇല്ല | 7,881,395/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 8,235,000/- | 91,402/- | 8,326,402/- | ഇല്ല | 8,326,402/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 3,617,000/- | 242,710/-<br>66,469/- | 3,926,179/- | ഇല്ല | 3,926,179/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 5,426,000/- | 4,176,348/- | 9,602,348/- | ഇല്ല | 9,602,348/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (കേരള ഗ്രാമീൺ ബാങ്ക് ഞാലിയാകുഴി ശാഖ അക്കൗണ്ട് നം.40614101040528) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. 2021-22 വർഷത്തെ ഇ-ഗ്രാമസ്വരാജ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ധനകാര്യ 66,469/- രൂപ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ വരവായി ഗ്രാന്റ് പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. വികസന ഫണ്ട്(SCSP) ക്യാരി ഓവർ വിഹിതം 42,167 രൂപ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം ലഭിച്ചത് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റായി ഉൾപ്പെടുത്തിയിട്ടില്ല.
5. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും വിനിമയം എ.സി.ആർ. സൂക്ഷിച്ച് രേഖപ്പെടുത്താതിരുന്നതിനാൽ കണക്കുകളിൽ വ്യക്തതയില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 01-02-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 06-02-2021 മുതൽ 14-02-2021 വരെയും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 19-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി.03-03-2022ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 10-03-2022 തീയതിയിലെ 81898/21

/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.
വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 236 | 173 | 147714571 | 55017871 | 37.24 |

വാർഷികപദ്ധതിച്ചെലവ് സുലേഖ കണക്കുകൾ പ്രകാരം 53619471 ആണ്. എന്നാൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത 770000,അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ കുറവ് ചെയ്ത 496400,ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ട് എസ്.സി.പി യിൽ നിന്ന് കുറവ് ചെയ്ത 132000/- എന്നീ തുകകൾ ഉൾപ്പെടെ ആകെ 1398400/- രൂപ ജി.ഒ പ്രോജക്ടുകൾ തയാറാക്കാതിരുന്നതുമൂലം ആകെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.ഇവ കൂടി ചെലവുകളിൽ ഉൾപ്പെടുത്തിയാൽ വാർഷികപദ്ധതിയുടെ ആകെ ചെലവ് 55017871/- രൂപയാകുന്നതാണ്.

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വേറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 12 | 5812498 | 3586255 |
| 2 | വെറ്ററിനറി സർജൻ | 3 | 3 | 2250400 | 760400 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 10 | 9 | 1150000 | 1123755 |
| 4 | മെഡി.ഓഫീസർ, ഹോമിയോ | 2 | 2 | 200000 | 190890 |
| 5 | മെഡി.ഓഫീസർ, ആയുർവേദം | 3 | 3 | 730000 | 713425 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 1212000 | 89225 |
| 7 | വി.ഇ.ഒ,1 | 14 | 10 | 70666124 | 6158600 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 7258055 | 6101307 |
| 9 | സെക്രട്ടറി | 40 | 21 | 14547047 | 8190677 |
| 10 | അസി.എൻജിനീയർ | 116 | 82 | 28787863 | 15042383 |
| 11 | ഹെഡ് മാസ്റ്റർ | 1 | 1 | 150000 | 68150 |
| 12 | വി.ഇ.ഒ, 2 | 8 | 6 | 9483000 | 6896828 |
| 13 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 2800000 | 2300000 |
| 14 | അസി.സെക്രട്ടറി | 13 | 13 | 2667584 | 2397576 |
| | | 236 | 173 | 147714571 | 53619471 |

അംഗീകാരം ലഭിച്ച 236 പ്രോജക്ടുകളിൽ 173 എണ്ണം നടപ്പാക്കിയിട്ടുണ്ട്.ആകെ അംഗീകാരം ലഭിച്ചവയിൽ

86എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.ഇവയിൽ 49 എണ്ണം നടപ്പാക്കി.സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം വാങ്ങിയതിൽ 37 എണ്ണം നടപ്പാക്കിയില്ല.അംഗീകാരം നേടുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിൽ നിന്ന് പ്രോജക്ടുകൾ തയാറാക്കുന്നതിലും അംഗീകാരം വാങ്ങുന്നതിലും ശരിയായ ആസൂത്രണമില്ലായ്മയും മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിൽ പാളിച്ചകൾ ഉള്ളതായും കാണുന്നു.

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ച നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയതിന് പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല. കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നവയല്ലാതെ വൈവിദ്ധ്യപൂർണ്ണമായ പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഏറ്റെടുത്തിരുന്നില്ല.

വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിലൂൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല. പ്രോജക്ട് നിർവഹണത്തിൽ ശരിയായ മോണിട്ടറിംഗ് ഉണ്ടായില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 160 പ്രോജക്ടുകളിൽ 160 എണ്ണം തൻവർഷം നടപ്പിലാക്കി. 73607 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിലെ 206 അയൽക്കൂട്ടങ്ങളിൽ 186 എണ്ണം പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. മഴക്കുഴി നിർമ്മാണം, ആട്ടിൻകൂട്, കന്നുകാലിക്കൂട്, കോഴിക്കൂട് നിർമ്മാണം, തോട് പുനരുദ്ധാരണം, റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 217 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 29796571 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 1129860 | |
| ആകെ വരവ് | | | 30926648 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 21630845 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1612500 | |
| | ഉപകരണങ്ങളുടെ വില, വാടക | 5985030 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1697049 | |

| | |
|---|---|
| ആകെ ചെലവ് | 30925424 |
| നീക്കിയിരിപ്പ് | 1224 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം വാകത്താനം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79,680/- | 29 |
| വാർദ്ധക്യകാലപെൻഷൻ | 46,107,800/- | 3201 |
| കർഷകതൊഴിലാളി പെൻഷൻ | 10,865,000/- | 704 |
| വിധവാപെൻഷൻ | 13,939,200/- | 940 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 819,500/- | 44 |
| വികലാംഗപെൻഷൻ | 5,136,300/- | 337 |

പഞ്ചായത്തിലെ നെൽ കർഷകർക്ക് വിള ഇൻസെന്റീവ് ഇനത്തിൽ 3 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വാകത്താനം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 16/01/2023 തീയതിയിൽ 02:50 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 14,309/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കാര്യക്ഷമമായ ജോലി വിഭജനം, പേറോൾ നിയന്ത്രണം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക വർഷാരംഭം മുതൽതന്നെ ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് സ്ഥാപനത്തിന്റെ ക്രയവിക്രയങ്ങൾ നിയന്ത്രിക്കപ്പെടുന്നത്. എന്നാൽ നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പ്രത്യക ഉദ്ദേശ്യഗ്രാന്റുകളുടെ എ.സി.ആർ തയാറാക്കിയിട്ടില്ല. വസ്തുനികുതിയിൽ വലിയ കുടിശിക നിലനില്ക്കുന്നത് നികുതി പിരിവിന്റെ കാര്യക്ഷമതയില്ലായ്മയെ വെളിപ്പെടുത്തുന്നു. ചെലവുകളുടെ വൗച്ചറുകൾ ബൈന്റുചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും അനുബന്ധരേഖകൾ അപര്യാപ്തമാണ്. വസ്തു ആർജ്ജിക്കൽ നടപടികളിലെ ജാഗ്രതയില്ലായ്മ കോടതി വ്യവഹാരത്തിനും ധന നഷ്ടത്തിനും കാരണമായിട്ടുണ്ട്.വാർഷിക പദ്ധതിയിലും മെച്ചപ്പെട്ട രീതിയിൽ പ്രോജക്ടുകൾ നിർവഹിക്കുന്നതിന് സാധിച്ചുവെങ്കിലും പി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിമുക്തി പ്രോജക്ടുകളുടെ ഫയലുകളിലെ അനുബന്ധരേഖകൾ പലതും വിശ്വാസയോഗ്യമല്ല. വാർഷികപദ്ധതി പ്രവർത്തനങ്ങളിൽ മോണിട്ടറിംഗ് ഉണ്ടാവുന്നില്ല.ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/08/2022 – 19/08/2022 | 07/2021 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2020 മുതൽ 14/02/2020 വരെ | 2014-15 മുതൽ 2018-19 വരെ | LBA(HQ)II/8B-117/2019-20 /554 തീയതി : 12/03/2020 |

## 1-11 വികസനഫണ്ട് മൂന്നാം ഗഡു സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ അക്കൗണ്ട് ചെയ്തില്ല

പഞ്ചായത്തിന്റെ വികസനഫണ്ട് അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവും അങ്കണവാടി വേതനവും ക്രമീകരിക്കുന്നത്. 2021-22 വർഷം വികസന ഫണ്ടിൽ ക്രമീകരിച്ച തുകകളുടെ വിവരവും പഞ്ചായത്ത് ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചവയുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള പ്രോജക്ട് നമ്പറും ചുവടെ ചേർക്കുന്നു.

| അലോട്ട്മെന്റ് ഉത്തരവ് (അലോട്ട്മെന്റ് ഗഡു) | അങ്കണവാടി വേതനം (G.O. Project No.) | ജനറൽ വായ്പ തിരിച്ചടവ് (G.O. Project No.) | SCSP വായ്പ തിരിച്ചടവ് (G.O. Project No.) | ആകെ സ്രോതസ്സിൽ കുറവ് |
|---|---|---|---|---|
| സ.ഉ.(സാധാ)നം.3367/2021/ധന തീയതി 07/04/2021(ഒന്നാം ഗഡു) | 496,400/- (290/22) | 1,525,333/- (294/22) | 410,667/- (295/22) | 2,432,400/- |
| സ.ഉ.(സാധാ)നം.5206/2021/ധന തീയതി 30/07/2021(രണ്ടാം ഗഡു) | 496,400/- (293/22) | 770,000/- (291/22) | 132,000/- (292/22) | 1,398,400/- |
| സ.ഉ.(സാധാ) നം.22/2022/ധന തീയതി 01/01/2022(മൂന്നാം ഗഡു) | 496,400/- (ഇല്ല) | 770,000/- (ഇല്ല) | 132,000/- (ഇല്ല) | 1,398,400/- |
| ആകെ | 1,489,200/- | 3,065,333/- | 674,667/- | 5,229,200/- |

വികസന ഫണ്ട് മൂന്നാം ഗഡുവിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത അങ്കണവാടി വേതനം 496,400/- രൂപ കിഴിച്ച് ബാക്കി 992,800/- രൂപ മാത്രമാണ് 251170102 ശീർഷകത്തിൽ ചെലവായി പ്രതിഫലിക്കുന്നത്. KURDFC വായ്പ തിരിച്ചടവ് ആകെ 3.74 ലക്ഷം രൂപയിൽ(3065333+674667) 28.38 ലക്ഷം രൂപ മാത്രമാണ് 252140202 ശീർഷകത്തിൽ ചെലവായി പ്രതിഫലിക്കുന്നത്. മൂന്നാം ഗഡുവിൽ നിന്നുള്ള 9.02 ലക്ഷം രൂപയുടെ തിരിച്ചടവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. വായ്പ തിരിച്ചടവ് ജി.ഓ. പ്രോജക്ടായി അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ വായ്പ ശീർഷകത്തിലും (330500201) 9.02 ലക്ഷം രൂപയുടെ തിരിച്ചടവ് പ്രതിഫലിക്കുന്നില്ല. 2021-22 വർഷത്തെ വായ്പാ രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

വികസന ഫണ്ട് സ്രോതസ്സിലെ കുറവ് അക്കൗണ്ട് ചെയ്യാതിരുന്നതിനും വായ്പ കണക്കുകളിലെ അപാകതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/2021-22 /18.01.2023) നൽകിയതിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടിയും വായ്പാ രജിസ്റ്റർ തയ്യാറാക്കിയും ഹാജരാക്കി. ജി.ഓ. പ്രോജക്ടുകളുടെ അക്കൗണ്ടിങ്ങ് അപാകത ഐ.കെ.എം. ന്റെ സാങ്കേതിക സഹായത്തോടെ പരിഹരിക്കേണ്ടതും വായ്പ ശീർഷകത്തിലെ നീക്കിയിരിപ്പ്

കൃത്യമാക്കേണ്ടതുമാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം-എ.സി.ആർ. സൂക്ഷിക്കുന്നില്ല

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം, ജില്ല പഞ്ചായത്ത് വിഹിതം ഉൾപ്പടെ 13 ഇനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും കോൺട്രിബ്യൂഷനുകളും പഞ്ചായത്ത് ഫണ്ടിലുള്ളതായി കാണുന്നു. (31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം 4738144/-രൂപ). പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഇപ്രകാരമുള്ള ഫണ്ടുകളുടെ വിനിയോഗം കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും എ.സി.ആർ. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം 2021-22 ലെ വിവിധ പ്രോജക്ടുകൾക്കായി പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളിലെ കേന്ദ്രാവിഷ്കൃത വിഹിതം 3,188,887/- രൂപയും സംസ്ഥാനാവിഷ്കൃത വിഹിതം 980,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ ടി ചെലവുകൾ ഏതെല്ലാം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ നിന്നാണ് എന്നത് വ്യക്തമല്ല. പ്രോജക്ട് ചെലവുകൾക്ക് ആനുപാതികമായ തുക ഗ്രാന്റ് തുകയിൽ ക്രമീകരിച്ചോ എന്നതിലും വ്യക്തതയില്ല.

എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശം(ഉദ്ദേശ്യം,പ്രോജക്ട്,ലഭിച്ച വർഷം) ലഭ്യമല്ല. മേൽപറഞ്ഞ ചട്ടങ്ങൾ പ്രകാരം കൃത്യമായ രേഖകൾ സൂക്ഷിക്കാതെയും സാക്ഷ്യപ്പെടുത്താതെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗം നടത്തിയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.15/2021-22/20.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗ കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. തൻവർഷം പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുക ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത ജേർണൽ വൗച്ചർ നമ്പർ കൃത്യമായി എ.സി.ആർ.-ൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-13 ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

31/03/2022 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 424,770/- നിക്ഷേപമായി ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന്റെ 2021-22 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല എന്ന് കാണുന്നു. I-9 ഷെഡ്യൂൾ പ്രകാരം തൻവർഷം Earnest Money Deposit ഇനത്തിൽ 132,472/- രൂപയും Security Deposit 149,268/- രൂപയും വാടക നിക്ഷേപം 41,160/- രൂപയും മുതൽക്കൂട്ടിയതായികാണുന്നു. മുതൽക്കൂട്ടിയവയുടെ വിശദാംശവും ജേർണൽ വൗച്ചർ നമ്പരും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്യാതെയും സെക്രട്ടറി വിവരങ്ങൾ സാക്ഷ്യപ്പെടുത്താതെയും ഡെപ്പോസിറ്റ് മുതൽക്കൂട്ടിയതിന്റെ ആധികാരികത വ്യക്തമല്ല. RP-33 ഷെഡ്യൂൾ പ്രകാരം തൻവർഷം 31,500/- രൂപയുടെ നിക്ഷേപം തിരികെ നൽകിയിട്ടുമുണ്ട്.

കൃത്യമായ രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ സാക്ഷ്യപ്പെടുത്താതെ ഡെപ്പോസിറ്റ് ക്രമീകരണവും റീഫണ്ടും നടത്തിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2021-22/18.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ തയ്യാറാക്കി ഓരോ ശീർഷകങ്ങളുടെയും ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റുകൾ ക്രമീകരിക്കുന്നതും മുതൽക്കൂട്ടുന്നതും ബന്ധപ്പെട്ട ജേർണൽ വൗച്ചർ നംബർ ഉൾപ്പടെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ പൂർത്തിയാക്കിയ ശേഷം മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-14 20 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക |
|---|---|
| പാർപ്പിടാവശ്യ കെട്ടിടനികുതി(2021-22) | 870,016/- |
| പാർപ്പിടാവശ്യ കെട്ടിടനികുതി(കുടിശിക) | 604,566/- |
| പാർപ്പിടേതര കെട്ടിടനികുതി(2021-22) | 383,074/- |
| പാർപ്പിടേതര കെട്ടിടനികുതി(കുടിശിക) | 165,431/- |
| ആകെ | 2,023,087/- |

മേൽപട്ടികയിൽ സൂചിപ്പിച്ച 20 ലക്ഷം രൂപ കൂടാതെ 2021-22 വർഷം 238,091/- രൂപയുടെ കുടിശിക ഡിമാന്റ് അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ ഒഴിവാക്കിയതായി കാണുന്നു. പ്രസ്തുത ക്രമീകരണത്തിന് അനുബന്ധരേഖകളുടെ പിൻബലമില്ല. കുടിശിക ഡിമാന്റ് ഒഴിവാക്കിയതിന് ആധികാരിക രേഖകൾ ഇല്ലാത്തതിനാൽ ടി ഇടപാടുകൾ പുനക്രമീകരിക്കേണ്ടതാണ്. കുടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

1-15 കെട്ടിടത്തിന്റെ കൃത്യമായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസ് പരിശോധിച്ചതിൽ നിന്നും 2021-22 വർഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടം കൃത്യമായ കാറ്റഗറിയിൽ ഉൾപ്പെടുത്തിയില്ല എന്ന് കാണുന്നു.

| കെട്ടിട നം. | ഉടമ | നിർണ്ണയിച്ച ഉപയോഗക്രമം | നിർണ്ണയിക്കേണ്ട ഉപയോഗക്രമം |
|---|---|---|---|
| 17/232 /A,B,C,D,E 27.112 ചതുരശ്രമീറ്റർ വീതം 5 ഷട്ടർ മുറി ആകെ 135.56 ച.മീ വിസ്തീർണ്ണം | അനീഷ് കെ. മുരിക്കോട്ട്, മുരിക്കോട്ട്, വാകത്താനം | 100 ച.മീ. വരെയുള്ള വാണിജ്യാവശ്യം നിരക്ക്-50/- | 100 ച.മീ. യിൽ കൂടുതലുള്ള വാണിജ്യാവശ്യം നിരക്ക്-50/- |

ഇപ്രകാരം 135.56 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തെ കൃത്യമായി ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതിരുന്നത് വസ്തുനികുതി ഡേറ്റാബേസിലുണ്ടായ അപാകതയാണ്. രണ്ട് കാറ്റഗറികൾക്കും ഒരേ നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ നികുതിയിൽ വ്യത്യാസം വരുന്നില്ല എങ്കിലും ഡേറ്റാബേസ് അപാകത നിലനിൽക്കുന്നു. നികുതി പരിഷ്കരണ സമയത്ത് സർക്കാർ നികുതി സ്ലാബുകൾ പുനർനിശ്ചയിക്കുന്ന സാഹചര്യത്തിൽ ഡേറ്റാബേസിലെ അപാകത മൂലം നികുതി കണക്കാക്കുന്നതിൽ അപാകതയ്ക്ക് സാധ്യതയുണ്ട്.

വസ്തുനികുതി ഡേറ്റാബേസിലെ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. വലിയ കെട്ടിടങ്ങൾക്കും (100 ച.മീ മുകളിൽ) ചെറിയ കെട്ടിടങ്ങൾക്കും (100 ച.മീ വരെ) ഒരേ നിരക്ക് (50/-) നിശ്ചയിച്ചതിനുള്ള കാരണവും അറിയിക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2021-22/19.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. ഖണ്ഡികയിൽ പരാമർശിച്ച കെട്ടിടത്തിന്റ ഉപയോഗക്രമം കൃത്യമായി സഞ്ചയ ഡേറ്റാബേസിൽ ചേർത്തു എന്ന് മറുപടി നൽകി. വ്യത്യസ്ത ഉപയോഗക്രമത്തിനുള്ള കെട്ടിട നികുതി നിരക്ക് 01/04/2011 പ്രാബല്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 03/11/2011 ലെ 3 നം. തീരുമാന പ്രകാരം അംഗീകരിച്ചതാണ് തുടരുന്നതെന്ന് അറിയിച്ചു. സർക്കാർ നികുതി സ്ലാബുകൾ

പരിഷ്കരിക്കുന്ന സമയത്ത് വലിയ കെട്ടിടങ്ങൾക്കും (100 ച.മീ. കൂടുതൽ) ചെറിയ കെട്ടിടങ്ങൾക്കും (100 ച.മീ. കുറവ്) വ്യത്യാസപ്പെട്ട നിരക്ക് ശുപാർശ ചെയ്യാൻ വിഷയം സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 പഞ്ചായത്തിന്റെ തൊഴിൽ നികുതി- ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ല കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം വാകത്താനം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമനം. | സ്ഥാപനം |
|---|---|
| 1. | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, ഞാലിയാകുഴി |
| 2. | DTDC കൊറിയർ സർവ്വീസ്, ഞാലിയാകുഴി |
| 3. | ലക്സസ് ട്രാവൽ ഏജൻസി, ഞാലിയാകുഴി |
| 4. | S&S Satellite Television FFTH Broadband, വാകത്താനം |
| 5. | കടന്തോട്ട് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്, വാകത്താനം |
| 6. | മംഗലത്ത് ഫിനാൻസ്, വാകത്താനം |
| 7. | TRAVISA Tours & Travels, വാകത്താനം |
| 8. | Hotel Emerald Regency, വാകത്താനം |

സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായി. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.10/2021-22/19.01.2023) നൽകിയതിന് 2021-22 വർഷത്തെ നികുതി ഒടുക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു. പഞ്ചായത്തിന്റെ തൊഴിൽ നികുതി സ്ഥാപന ലിസ്റ്റ് എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പരിഷ്കരിച്ച ശേഷം ഡിമാന്റ് നിശ്ചയിക്കേണ്ടതാണ്. 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശിക ഡിമന്റിൽ ചേർത്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം രസീതുകൾ, കുടിശിക ഡി.സി.ബി. എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്തിന്റെ ലിസ്റ്റിലുള്ള സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി

പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിലുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ ഒഴിവാക്കിയതായി കാണുന്നു. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷത്തെ 5,000/- രൂപ മാത്രമാണ് ഒടുക്കാനവശേഷിക്കുന്നത്. പഞ്ചായത്ത് ലഭ്യമാക്കിയ 2021-22 ഡി.സി.ബി. പത്രിക പ്രകാരം ഏതാനും സ്ഥാപനങ്ങൾ നികുതി ഒടുക്കാതെ ഡിമാന്റിൽ നിന്ന് ഒഴിവാക്കപ്പെട്ടതായി കാണുന്നു. സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഡിമാന്റ് ചെയ്ത തുക | ഈടാക്കേണ്ട തുക | ഡിമാന്റിലെ കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| കെ.എസ്.ഇ.ബി. വാകത്താനം | ഇല്ല | 2,500/- | 2,500/- |
| നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക്(2 ശാഖ) | 2,500/- | 5,000/- | 2,500/- |
| വാകത്താനം സർവ്വീസ് സഹകരണ ബാങ്ക്(2 ശാഖ) | 2,500/- | 5,000/- | 2,500/- |
| കുളത്തുങ്കൽ ഫിനാൻസ്, വാകത്താനം | ഇല്ല | 2,500/- | 2,500/- |
| കേളചന്ദ്ര മോൾഡിങ്ങ്സ്, വാകത്താനം | ഇല്ല | 2,500/- | 2,500/- |
| കേളചന്ദ്ര പോളിമേഴ്സ്, വാകത്താനം | ഇല്ല | 2,500/- | 2,500/- |
| ആകെ | 5,000/- | 20,000/- | 15,000/- |

പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിലുള്ള മേൽ സ്ഥാപനങ്ങളുടെ 2021-22 തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റിലെ അപാകത മൂലം തനത് വരുമാനമായി ലഭിക്കേണ്ട 15,000/- രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/2021-22 /19.01.2023) നൽകിയതിന് 2021-22 വർഷത്തെ നികുതി ഒടുക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു. പഞ്ചായത്തിന്റെ തൊഴിൽ നികുതി സ്ഥാപന ലിസ്റ്റ് പ്രകാരമുള്ള ഡിമാന്റ് തുക അതാത് വർഷം അക്കൗണ്ട് ചെയ്തു എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. 2021-22 ഡിമാന്റ് അക്കൗണ്ട് ചെയ്യാതിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശിക ഡിമന്റിൽ ചേർത്ത് ഈടാക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം രസീതുകൾ, കുടിശിക ഡി.സി.ബി. എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഓഫീസിന് സമീപമുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994-ല കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 വർഷം പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന ഞാലിയാകുഴിയിൽ പ്രവർത്തിച്ചിരുന്ന ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പടെ താഴെ പറയുന്ന സ്ഥാപനങ്ങൾ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇപ്രകാരം പഞ്ചായത്ത് ഓഫീസിന്റെ സമീപം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | KLM Axiva Finvest & Gold Loan, ഞാലിയാകുഴി |
| 2. | NCR Financiers, വാകത്താനം |
| 3. | NEDSTAR Gold Loan (നെടുമ്പറമ്പിൽ ഗ്രൂപ്പ്), വാകത്താനം |
| 4. | കരപ്പാറ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, ഞാലിയാകുഴി, വാകത്താനം |
| 5. | മണയത്തറ ഫിനാൻസ് & ഗോൾഡ് ലോൺ, ഞാലിയാകുഴി |
| 6. | NCS Finance & Gold Loan Pvt. Ltd, ഞാലിയാകുഴി, വാകത്താനം |
| 7. | പോപ്പുലർ ഫിനാൻസ്, ഞാലിയാകുഴി, വാകത്താനം |

| | |
|---|---|
| 8. | Kadanthottu Finance Pvt. Ltd., ഞാലിയാകുഴി |
| 9. | ദക്ഷിണ മൂകാംബിക ഡാൻസ് അക്കാദമി, ഞാലിയാകുഴി |
| 10. | Ideal Science Academy, ഞാലിയാകുഴി |
| 11. | ചിലങ്ക ഡാൻസ് അക്കാദമി, ഞാലിയാകുഴി |
| 12. | Soft Tech Computer Training Institute, ഞാലിയാകുഴി |
| 13. | ധന്വന്തരി ആയുർവേദ കോളേജ്, ഞാലിയാകുഴി, വാകത്താനം |
| 14. | Institute Of Accounts Management (SGT Consultant), വാകത്താനം |
| 15. | United India Insurance Portal Office, വാകത്താനം |
| 16. | LIC Portal Office, വാകത്താനം |
| 17. | Baby,s Consultant & Insurance Agency, വാകത്താനം |
| 18. | Dentz Care Multi Speciality Dental Clinic, വാകത്താനം |
| 19. | MGM Medical Laboratory, വാകത്താനം |
| 20. | Platinum Fitness Centre, വാകത്താനം |
| 21. | Care & Cure Medical Lab, വാകത്താനം |
| 22. | EL-SHALOM Homeopathic Multi-Speciality Clinic, വാകത്താനം |
| 23. | കുര്യൻസ് പോളിക്ലിനിക്, വാകത്താനം |
| 24. | KE ഡെന്റൽ ക്ലിനിക്, വാകത്താനം |
| 25. | Dentazone ഡെന്റൽ ക്ലിനിക്, വാകത്താനം |
| 26. | King & King Archtects, Engineers Consultancy, വാകത്താനം |
| 27. | Digital Common Service Centre, വാകത്താനം |
| 28. | ഡിജിറ്റൽ സേവാ കേന്ദ്രം, വാകത്താനം |

പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിക്കുന്നില്ല എന്നതിന് തെളിവാണ്. നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായി. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/2021-22/23.01.2023) നൽകിയതിന് സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ നികുതി അടിയന്തിരമായി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിന്റെ തൊഴിൽ നികുതി സ്ഥാപന ലിസ്റ്റ് എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പരിഷ്കരിച്ച ശേഷം ഡിമാന്റ് നിശ്ചയിക്കേണ്ടതാണ്. 2021-22 തൊഴിൽ നികുതി കുടിശിക ഡിമന്റിൽ ചേർത്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നികുതി അടവാക്കിയ ശേഷം രസീതുകൾ, കുടിശിക ഡി.സി.ബി. എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് തയ്യാറാക്കുന്ന സ്ഥാപന ലിസ്റ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-19 വാടക- പൊതു അപാകതകൾ

2021-22 വാടക ഡിമാന്റ് രജിസ്റ്റർ, എഗ്രിമെന്റ് ഫയൽ തുടങ്ങിയവ പരിശോധിച്ചതിൽ നിന്നും വാടക നടപടികളിലും അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ പഞ്ചായത്തിൽ നിലവിലില്ല.
2. വാടക എഗ്രിമെന്റുകൾ എഴുതി പൂർത്തിയാക്കാതെയും സാക്ഷ്യപ്പെടുത്താതെയും സൂക്ഷിച്ചിരിക്കുന്നു. കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്ത അപൂർണ്ണമായ കരാറുകൾ സ്ഥാപനത്തിന് വിവിധ നിയമപ്രശ്നങ്ങൾക്ക് കാരണമാകാവുന്നതാണ്.
3. വർഷാദ്യത്തിൽ വാടക ഡിമാന്റ് കണക്കാക്കി അക്കൗണ്ട് ചെയ്യുന്നില്ല. ഡിമാന്റ് കണക്കുകളിൽ അപാകത നിലനിൽക്കുന്നു. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. തൻവർഷം 36 കടമുറികൾ വാടകയ്ക്ക് നൽകിയിരുന്നത് കൈവശം വച്ചിരുന്ന കുത്തകക്കാർ പഞ്ചായത്ത് ഫണ്ടിലേക്ക് വാടക നിക്ഷേപം (Rent Deposit) ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തതയില്ല. വാടക നിക്ഷേപ കണക്കുകൾ തയ്യാറാക്കിയിട്ടില്ല. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം 86,736/- രൂപ മാത്രമാണ്. ടി തുക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയത് എന്നത് വ്യക്തമല്ല. വാടക നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നതിനാൽ കുടിശിക വരുത്തുന്നവരുടെ വാടക ക്രമീകരിക്കാൻ പഞ്ചായത്തിന് സാധിക്കാതെ വരുന്നു.
5. വാടക ഡിമാന്റ് രജിസ്റ്ററിലെ പേജുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണവും സാമ്പത്തിക വർഷാവസാനം ഓരോ കുത്തകക്കാരന്റെയും ഡിമാന്റ്-കളക്ഷൻ-ബാലൻസ് കണക്കുകൾ എഴുതി ക്ലോസ് ചെയ്യാതെയുമാണ് സൂക്ഷിച്ചിട്ടുള്ളത്.
6. വാടക ഒടുക്കുവരുത്തുന്നത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന്റെ വിവരങ്ങളുടെ കൃത്യത ഉപരിപരിശോധന നടത്തി സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
7. വർഷാവസാനം അക്രുവൽ വരവുകളുടെ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകൾ തയ്യാറാക്കാതെയാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നത്.

വാടക നടപടിക്രമങ്ങളിലെ അപാകതകളും അനുബന്ധരേഖകൾ കൃത്യമായി സാക്ഷ്യപ്പെടുത്താതെയും ശരിയായി സൂക്ഷിക്കാതെയും തുടരുന്നത് പഞ്ചായത്തിന് ഈ വിഷയത്തിൽ പല നിയമ പ്രശ്നങ്ങൾക്കും ഇടയാക്കുന്നതാണ്. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.14/2021-22/20.01.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. വാടക നടപടികളിലും രേഖകളുടെ സൂക്ഷിപ്പിലും നിലനിൽക്കുന്ന മേൽപറഞ്ഞ എല്ലാ അപാകതകളും പരിഹരിച്ച ശേഷം അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-20 വാടക ഡിമാന്റിലും കണക്കുകളിലും അപാകതകൾ നിലനിൽക്കുന്നു

2021-22 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 36 മുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. ധനകാര്യ പത്രിക പ്രകാരം 891,299/- രൂപയാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കി നൽകിയ ഡി.സി.ബി. പത്രികയിൽ 1,044,468/- രൂപയാണ് ഡിമാന്റ്. തൻവർഷ ഡിമാന്റ് 153,169/- രൂപ കുറവായിട്ടാണ് അക്കൗണ്ട് ചെയ്തത്. 2021-22 വർഷം പഞ്ചായത്ത് ഭരണസമിതിയുടെ 26/11/2021 ലെ 17/1 നം. തീരുമാന പ്രകാരം കടമുറികളുടെ വാടക 7/2021 മുതൽ 12/2021 വരെ ഒഴിവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.സി.ബി. പത്രികയിൽ 522,234/- രൂപ വാടക ഇളവായി കണക്കാക്കിയിട്ടുള്ളത് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതിനാൽ തൻവർഷ വാടക ലഭിക്കാനുള്ള തുക 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക ഡി.സി.ബി. പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത കാലയളവിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്ക് അപേക്ഷയുടെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ വാടക ഇളവ് നൽകാനാണ് 06/01/2021 സ.ഉ.(കൈ)നം.261/2021/ തസ്വഭവ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചത്. അപ്രകാരം കുത്തകക്കാർ അപേക്ഷ സമർപ്പിച്ചതായോ കടമുറികൾ അടഞ്ഞുകിടന്നത് സംബന്ധിച്ചതോ ആയ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിലെ കുടിശിക വാടക 68,526/- രൂപ ലഭിക്കാനുള്ളതിന്റെ അരിയർ ഡിമാന്റ് വിശദാംശവും സൂക്ഷിച്ചിട്ടില്ല.

മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2021-22/13.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. കോവിഡ് കാലയളവിൽ അടഞ്ഞുകിടന്ന കടകൾ 2020-21 വർഷത്തെ വാടകയിളവിന് സമർപ്പിച്ച അപേക്ഷകളാണ് ഹാജരാക്കിയത്. 2020-21 കാലയളവിലെ ഇളവിന് സമർപ്പിച്ച അപേക്ഷകൾ മുഖാന്തിരം 2021-22 വർഷം വാടകയിളവ് നൽകാൻ പാടുള്ളതല്ല. ആയതിനാൽ 2021-22 വർഷം കടകൾ പ്രവർത്തിച്ചില്ല എന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇളവ് നൽകാൻ പാടുള്ളൂ എന്നത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാടക ഡിമാന്റ് കണക്കുകളിൽ ധനകാര്യ പത്രികയിൽ അപാകത നിലനിൽക്കുന്നത് പരിഹരിക്കേണ്ടതാണ്. 2021-22 വർഷത്തെ കൃത്യമായ ഡിമാന്റും വാടകിയളവും അക്കൗണ്ട് ചെയ്ത് ഡിമാന്റ് രജിസ്റ്ററും ഡി.സി.ബി.-യും സാക്ഷ്യപ്പെടുത്തി 2021-22 വർഷത്തെ വാടകയിളവിന് ആധികാരികമായ അനുബന്ധ രേഖകളും ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 IFTEOS ലൈസൻസ്-ഡിമാന്റ് രജിസ്റ്ററിലും കണക്കുകളിലും അപാകതകൾ

പഞ്ചായത്ത് 2021-22 ലൈസൻസ് IFTEOS രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം രേഖകളുടെ സൂക്ഷിപ്പിലും അക്കൗണ്ടിങ്ങിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ ആകെ 20 വാർഡുകളാണുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് പരിധിയിലുൾപ്പടേണ്ട സ്ഥാപനങ്ങളുടെ എണ്ണത്തിൽ വ്യക്തതയില്ല.
2. 2021-22 ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഫീസ് ഒടുക്കിയ ക്രമത്തിലാണ് ട്രേഡർമാരുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ 335 ട്രേഡർമാരാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരുന്നു ഡിമാന്റ് നിശ്ചയിക്കേണ്ടിയിരുന്നത്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് മനസിലാക്കാൻ സാധിക്കുന്നില്ല.
3. ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിശ്ചയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ ഡി.സി.ബി. പത്രികയും സംക്ഷിപ്തവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല.
4. ലൈസൻസ് തുക മുൻകൂർ ലഭിച്ചത് 2021-22 വർഷം ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല. കൃത്യമായ കണക്കുകളുടെ അഭാവത്തിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലൈസൻസ് ഫീസ് മുൻകൂറായി ഒടുക്കിയത് എന്നതിൽ വ്യക്തതയില്ല.
5. 2021-22 വർഷം 25,660/- രൂപ മെഷീനറി റണ്ണിങ്ങ് ഫീസ് ലഭിച്ചതായി കാണുന്നു. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് തുക ഒടുക്കിയത് എന്നുള്ള കണക്ക് ലൈസൻസ് രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടില്ല.
6. 2021-22 വർഷം 500/- രൂപ മെഷീനറി ഇൻസ്റ്റലേഷൻ ഫീസ് ലഭിച്ചതായി കാണുന്നു. ഏത് സ്ഥാപനമാണ് മെഷീനറി ഇൻസ്റ്റാൾ ചെയ്തത് എന്ന് ലൈസൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
7. ട്രേഡേഴ്സ് തൊഴിൽ നികുതി വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രേഡേഴ്സ് തൊഴിൽ നികുതി നിശ്ചയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ ഡി.സി.ബി. പത്രികയും സംക്ഷിപ്തവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ട്രേഡേഴ്സ് തൊഴിൽ നികുതി കണക്കുകൾ ക്ലോസ് ചെയ്തിട്ടില്ല.

ലൈസൻസ് നടപടികളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരുന്നതിനാൽ നടപടികളുടെ കൃത്യതയും ഫീസ് കണക്കുകളുടെ ആധികാരികതയും വ്യക്തമല്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.29/2021-22/23.01.2023) നൽകിയതിന് ഓഡിറ്റിൽ പരാമർശിച്ച ഓരോ അപാകതകളും പരിഹരിച്ച് വിവരം അറിയിക്കുമെന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. ലൈസൻസ് രേഖകൾ സൂക്ഷിപ്പിലെയും രജിസ്റ്ററിലെയും അപാകതകൾ പരിഹരിച്ചും

2021-22 വർഷത്തെ കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയും ഹാജരാക്കേണ്ടതാണ്.

## 1-22 കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ സാംഖ്യ കമ്പ്യൂട്ടർ രസീതുകൾ ക്യാഷ് രസീതും കമ്പ്യൂട്ടർ രസീതും ഉപയോഗിക്കാതെ സ്റ്റോക്കിൽ അവശേഷിക്കുന്നു. 31/08/2021 വരെ സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകിയതിന് ശേഷം 01/09/2021 പ്രാബല്യത്തിൽ ILGMS ആരംഭിച്ചതിനാൽ ഡിജിറ്റൽ രസീതുകളായതിനാൽ ക്യാഷ് രസീതും കൈപ്പറ്റ് രസീതും എ4-പേപ്പറിൽ പ്രിന്റ് ചെയ്താണ് നൽകുന്നത്. പഞ്ചായത്ത് സ്റ്റോക്കിൽ അവശേഷിക്കുന്ന കമ്പ്യൂട്ടർ രസീതുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ഇനം | സ്റ്റേഷനറി നംപർ | എണ്ണം | ആകെ |
|---|---|---|---|
| ക്യാഷ് രസീത് (പിങ്ക് നിറം) | 8137372-8145000 | 7629 | 7629 |
| കൈപ്പറ്റ് രസീത് (നീല നിറം) | 8650201-8658000 | 7800 | 7800 |

പഞ്ചായത്ത് തനത് ഫണ്ട് ചെലവഴിച്ച് വാങ്ങിയ ശേഷം സ്റ്റോക്കിൽ അവശേഷിക്കുന്ന രസീതുകൾ തിരികെ നൽകുന്നതും ചെലവഴിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ചും ഉള്ള നടപടികൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ മാനേജർ-ഗ്രാമലക്ഷ്മി മുദ്രാലയം എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. തിരിച്ചുനൽകേണ്ട ശേഷിക്കുന്ന രസീതുകളുടെ സ്റ്റോക്ക് വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

## 1-23 ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനും നാളിതുവരെ ലഭിക്കാനുള്ള തുകയുടെ വിശദമായ കണക്ക് നല്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപകാര്യാലയങ്ങൾക്ക്നിർദ്ദേശം നല്കിയിട്ടുള്ളതാണ്. എന്നാൽ വാകത്താനം പഞ്ചായത്തിൽ ഇതിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കുകയോ കണക്ക് നല്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ നാളിതുവരെയുള്ള ഇ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 സർക്കാർ അനുമതി ഇല്ലാതെ കാലഹരണപ്പെട്ട യാത്രപ്പടി വിതരണം ചെയ്തു

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി 2) പ്രകാരം യാത്രാ ബത്തകൾ അർഹമായ തീയതി മുതൽ 2 വർഷത്തിനകം മാറിയിരിക്കണം (സർക്കാർ ഉത്തരവ് 650/93 തീ08/10/1993 പ്രകാരം മാറ്റം വരുത്തിയത്) എന്നും രണ്ട് വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മാത്രമേ മാറാനാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 53 (ബി 6) പ്രകാരം യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്തമാസം 1-ആം തീയതി മുതൽ 1 വർഷത്തിനകം യാത്രപ്പടിക്ക് അവകാശം ഉന്നയിച്ചിരിക്കണം .എന്നാൽ വൗച്ചർ നം 22101287/25-03-2022 പ്രകാരം ജീവനക്കാരുടെ 2 വർഷത്തിലധികമായ കാലയളവിലെ യാത്രാ ബത്തകൾ യാത്രാഡയറി ഹാജരാക്കാതെ മാറി നൽകിയതായി കാണുന്നു. യാത്ര നടത്തിയ തീയതിയുടെ തൊട്ടടുത്ത മാസം 1 -ാം തീയതി ഡ്യൂ ആകുന്ന യാത്രപ്പടി 2 വർഷത്തിനുള്ളിൽ പണമാക്കിയില്ലെങ്കിൽ കാലഹരണപ്പെടുമെന്നതിനാൽ ഫെബ്രുവരി 2020 ന് മുൻപുള്ള യാത്രപ്പടി 03/2022 ൽ പണമാക്കാൻ കഴിയില്ല (ഫെബ്രുവരി 2020 ൽ നടത്തിയ യാത്രകൾ

01/03/2020 ൽ ഡ്യൂ ആകുകയും ആയത് 28/02/2022 നകം പണമാക്കുകയും ചെയ്തില്ലെങ്കിൽ കാലഹരണപ്പെടും). ഇത്തരത്തിൽ കാലഹരണപ്പെട്ട യാത്രപ്പടി പണമാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. മുൻ റിപ്പോർട്ടിൽ വിഷയം സമബന്ധിച്ച് പരാമർശം ഉണ്ടെങ്കിലും പരിഗണിച്ചതായി കാണുന്നില്ല. യാത്രപ്പടി വാങ്ങുന്നതിന് ടൂർഡയറി നിർബന്ധമാണെന്നിരിക്കെ ആയത് ടി എ ബില്ലിനൊപ്പം സമർപ്പിച്ചിട്ടില്ല. കാലഹരണപ്പെട്ട കാലയളവിലെ യാത്രാപ്പടി വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങിയിട്ടുള്ളതായും കാണുന്നില്ല.

| ക്ര നം | പേര് | തസ്തിക | ഒക്ടോബർ 2019 | നവംബർ 2019 | ഡിസംബർ 2019 | ജനുവരി 2019 | ഫെബ്രുവരി 2019 | ആകെ |
|---|---|---|---|---|---|---|---|---|
| 1 | അനിൽ കുമാർ | സെക്രട്ടറി | 1120 | 1600 | | | | 2720 |
| 2 | സാബു പി പി | സെക്രട്ടറി | | | 1280 | 800 | 2898 | 4978 |
| 3 | വിനോദ് കെ | AS | 1770 | 1770 | 1770 | | | 5310 |
| 4 | ദീപ എം കുര്യാക്കോസ് | JS | 640 | 800 | 640 | 320 | | 2400 |
| 5 | പ്രസന്നകുമാരി | AS | | | 640 | 1760 | 800 | 3200 |
| 6 | രഞ്ജിത് സി | അക്കൗണ്ടന്റ് | | 320 | | | | 320 |
| 7 | ബിന്ദു കെ ആർ | സീനിയർ ക്ലാർക്ക് | 250 | 250 | 250 | | | 750 |
| 8 | മോജിഷാ മോഹൻ | സീനിയർ ക്ലാർക്ക് | 250 | 375 | | | | 625 |
| 9 | സൗമ്യദാസ് | സീനിയർ ക്ലാർക്ക് | | 250 | | 250 | | 500 |
| 10 | സാനു ജലീൽ | സീനിയർ ക്ലാർക്ക് | | 250 | | | 250 | 500 |
| 11 | കൃഷ്ണകുമാർ | സീനിയർ ക്ലാർക്ക് | | | | 125 | | 125 |
| 12 | ഫിലിപ്പ് കെ എസ് | ക്ലാർക്ക് | 750 | 250 | 500 | 625 | | 2125 |
| 13 | മഞ്ജുഷാമോഹൻ | ക്ലാർക്ക് | 250 | | | | | 250 |
| 14 | അക്സ മരിയ ബഞ്ചമിൻ | ക്ലാർക്ക് | | 125 | | | | 125 |
| 15 | ഫാത്തിമ ജെ എസ് | ക്ലാർക്ക് | | 125 | | | | 125 |
| 16 | ആശ എ | ക്ലാർക്ക് | | 125 | 250 | | | 375 |
| 17 | ഷെറി ദാസ് | ഓഫീസ് അറ്റന്റന്റ് | 125 | | | 500 | 625 | 1250 |
| 18 | ബിനു പി എം | ഓഫീസ് അറ്റന്റന്റ് | 1380 | 1380 | 1380 | 1380 | 1380 | 6900 |
| ആകെ | | | | | | | | 32578 |

പഞ്ചായത്തിൽ തനത് ഫണ്ട് ലഭ്യമായിരുന്നിട്ടും, സമയബന്ധിതമായി യാത്രപ്പടി അനുവദിക്കാതെയും , മുൻ റിപ്പോർട്ടിൽ സമാന പരാമർശം ഉണ്ടായിരുന്നിട്ടും ആയത് പരിഗണിക്കാതെയും ചട്ടങ്ങൾ മറികടന്നും കാലഹരണപ്പെട്ട യാത്രപ്പടി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തതിന്

വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി കാലഹരണപ്പെട്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. ഈ സാഹചര്യത്തിൽ നിയമ വിധേയമല്ലാത്ത 32578/- രൂപയുടെ ചെലവ് (ചെക്ക് നം 6058344/31-03-2022 പ്രകാരം പിൻവലിച്ച 39783/- രൂപയിൽ അനർഹമായത്) നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അടവാക്കാത്ത പക്ഷം നിയമവിരുദ്ധമായി തുക മാറി നല്കിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-25 ജലവിതരണം ഇല്ലാത്ത സ്ട്രീറ്റ് ടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നു

പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം 131 പൊതുടാപ്പുകൾക്കായി 60184/- രൂപ പ്രതിമാസം എന്ന കണക്കിൽ 722208/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2020 ൽ വാകത്താനം ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തിയ പൊതു ടാപ്പുകളുടെ പരിശോധന റിപ്പോർട്ട് പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിൽ 72 ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 06.06.2020 ലെ 11(1) നമ്പർ തീരുമാന പ്രകാരം സംയുക്ത പരിശോധന റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ വാട്ടർ അതോറിറ്റി പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാതെ 131 ടാപ്പുകളുടെ ബില്ല് സമർപ്പിക്കുകയും ആയത് പഞ്ചായത്തിൽ നിന്ന് അടവാക്കുകയും ചെയ്യുന്നുണ്ട്. ഇതു മൂലം പ്രവർത്തിക്കാത്ത 59 ടാപ്പിന് (ഒന്നിന് 459.42 രൂപ പ്രകാരം) പ്രതിമാസം 27106 രൂപ പ്രകാരം 2020-21 ൽ 325272/- രൂപ അനാവശ്യചെലവ് ഉണ്ടായിട്ടുണ്ട്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 164/22 നമ്പർ പ്രോജക്ട് പ്രകാരം വാട്ടർ ചാർജ് ചെലവ് 722208/-രൂപ (ബിൽ നം തീ 388/25-3-2022) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വ്യവസ്ഥകൾ പ്രകാരം അടിസ്ഥാനഗ്രാന്റിൽ നിന്നും (Untied Fund) പ്രത്യേക നിബന്ധനകളില്ലാതെ എന്നാൽ വികസനഫണ്ട് ഉപയോഗിക്കാവുന്ന കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി ഉണ്ട്. പഞ്ചായത്തിന്റെ അനിവാര്യചുമതലകൾക്കുള്ള ആവർത്തനച്ചെലവുകൾ തനത്ഫണ്ട്, പൊതു ആവശ്യഗ്രാന്റ്, അല്ലെങ്കിൽ മെയിന്റനൻസ് ഗ്രാന്റിന്റെ 10% എന്നിവയിൽ നിന്നും കണ്ടെത്തണം. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം വികസനഫണ്ട് ഉപയോഗിക്കാവുന്ന കാര്യങ്ങൾക്കായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ വാട്ടർചാർജ് അടയ്ക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയതിനും 722208/- രൂപ റീക്കുപ്പ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചതിനുമുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണെന്നും സ ഉ (കൈ) 103/2020 തീ 30-6-20 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വാട്ടർചാർജ് അടക്കാവുന്നതാണെന്നും മറുപടി നല്കി.വിശദമായി പരിശോധിച്ചതിൽ മേൽ ഉത്തരവ് കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പരിശോധന അടിയന്തിരമായി നടത്തേണ്ടതും, മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച തുക പ്രസ്തുത ധനകാര്യ കമ്മീഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

### 1-26 സ്ക്രാപ്പ് ബാറ്ററി വില പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചില്ല

പഞ്ചായത്ത് ഓഫീസിലെ 2 കിലോവാട്ടിന്റെയും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ 1 കിലോവാട്ടിന്റെയും യു പി എസുകൾക്ക് ബാറ്ററി വാങ്ങുന്നതിന് 258/21-22 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും 82200/- രൂപ (ബിൽ നം തീ 42/30-3-2022) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. GeM പോർട്ടൽ വഴി നടന്ന വാങ്ങലിൽ HYKON INDIA LIMITED ലിൽ നിന്നും 150 Ah ബാറ്ററി 6 എണ്ണം ഒന്നിന് 13700 (നികുതി അടക്കം) രൂപ നിരക്കിൽ

82200/- രൂപ നല്കി വാങ്ങിയിട്ടുണ്ട്. OLG-B/2122006339 നമ്പർ ഇൻവോയ്സിൽ പ്രത്യേക റഫറൻസായി സ്ക്രാപ്പ് ബാറ്ററിക്ക് ഒന്നിന് 1500/- രൂപ പ്രകാരം 9000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. GeM പോർട്ടൽ വഴി 25000 രൂപക്ക് മുകളിലും 3 ലക്ഷത്തിന് താഴെയും വാങ്ങൽ നടത്തുമ്പോൾ സമാന സ്പെസിഫിക്കേഷനുള്ള 3 ഇനങ്ങൾ താരതമ്യം ചെയ്ത് ആയതിൽ വില കുറവ് രേഖപ്പെടുത്തിയ (L1) സാധനം വാങ്ങുകയും താരതമ്യപത്രിക ഫയലിൽ സൂക്ഷിക്കുകയും വേണം. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ നടപടികളൊന്നും പാലിക്കാതെ നേരിട്ടുള്ള വാങ്ങലാണ് നടത്തയിട്ടുള്ളത് എന്ന് കാണുന്നു.

ബാറ്ററി സപ്ളെ ചെയ്തവർ സ്ക്രാപ്പ് ബാറ്ററി കൊണ്ടുപോകുകയും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ വിലയായ 9000/- രൂപ പഞ്ചായത്തിൽ അടക്കുകയോ, ബില്ലിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/19.01.2023) അടിസ്ഥാന വില നിശ്ചയിച്ചത് സ്ക്രാപ് വില കുറച്ചതിന് ശേഷമാണെന്ന് മറുപടി നല്കി. പുതിയ ഉല്പന്നങ്ങൾക്ക് അടിസ്ഥാന വിലകുറച്ച് രേഖപ്പെടുത്തി നികുതി (ജി എസ് റ്റി) കുറയ്ക്കുന്നത് നിയമവിരുദ്ധമായതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-27 ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ -പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ എന്ന 163/22 നമ്പർ പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 639598/- രൂപ (വൗച്ചർ നം.22101330/31.03.2022) ചെലവ് ചെയ്ത് TATA INTRA V30 എന്ന വാഹനം GeM പോർട്ടൽ വഴി വാങ്ങിയിട്ടുണ്ട്. കുത്തകാവകാശമുള്ള വാഹനമായി കണ്ട് നേരിട്ടുള്ള വാങ്ങലാണ് നടത്തിയിട്ടുള്ളത്. വാഹനം വാങ്ങലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- കുത്തകാടിസ്ഥാനത്തിലുള്ള വാഹനങ്ങളുടെ വാങ്ങൽ അനിവാര്യ സാഹചര്യത്തിൽ മാത്രമായിരിക്കണം. ആയതിനാൽ വാങ്ങുന്ന വാഹനം ഉടമസ്ഥാവകാശ സ്വഭാവമുള്ളതായതിനാൽ മത്സരം ഗുണകരമല്ലെന്ന് വാങ്ങൽ അധികാരി ഉറപ്പുവരുത്തണം.ആയത് ചെയ്തതായി കാണുന്നില്ല.
- ഉടമസ്ഥാവകാശ (കുത്തക) സ്വഭാവമുള്ള വാഹനം വാങ്ങുന്നതിനെ ന്യായീകരിക്കുന്ന സാക്ഷ്യ പത്രം ക്ഷമതയുള്ള അധികാരിയിൽ നിന്നും(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,മെക്കാനിക്കൽ) വാങ്ങണം. എന്നാൽ ആയത് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- 30 ലക്ഷം രൂപ വരെ വിലമതിക്കുന്നവാഹനങ്ങൾ ( കുത്തക സ്വഭാവമില്ലാത്തത്) GeM പോർട്ടലിൽ സ്പെസിഫിക്കേഷൻ നല്കി സേർച്ച് ചെയ്താൽ അനുയോജ്യമായ വില കുറഞ്ഞ ഇനം ലഭ്യമാകുന്നതാണ്. ആയത് സമാന സ്പെസിഫിക്കേഷനുള്ള മറ്റ് 2 ബ്രാന്റുകളുമായി താരതമ്യം ചെയ്ത് വില കുറഞ്ഞത് (L1) വാങ്ങുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.
- GeM പോർട്ടൽ സ്പെഷ്യൽ ടേംസ് & കണ്ടീഷൻസ് പ്രകാരം ട്രക്കുകൾക്ക് MRP യേക്കാൾ 15% കുറഞ്ഞ നിരക്ക് മാത്രമേ സെല്ലർ രേഖപ്പെടുത്താവൂ. എന്നാൽ പ്രസ്തുത കുറവ് ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. MRPയും വാങ്ങിയ വിലയും താരതമ്യം ചെയ്തതിന് രേഖകളില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/22.01.2023) മറുപടി ലഭിച്ചില്ല. പഞ്ചായത്ത് ഭരണസമിതി വിഷയം പരിഗണിച്ച് വാഹനം വാങ്ങലിൽ അപാകത ഇല്ല എന്ന് ഉറപ്പു വരുത്തേണ്ടതും സ്പെഷ്യൽ ടേംസ് & കണ്ടീഷൻസ് പ്രകാരം ട്രക്കുകൾക്ക് അർഹമായ 15% കുറവ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.ആയതു വരെ ഈ ഇനത്തിലുള്ള 639558/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-28 വസ്തു ഏറ്റെടുക്കൽ - പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത

വാകത്താനം ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന സ്ഥലത്ത് ടാക്സി സ്റ്റാന്റ് നിർമ്മാണത്തിനായി 18.70 ആർ സ്ഥലം പൊന്നും വിലക്ക് 03-05-2010 ൽ ഏറ്റെടുത്തിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസർ

31-03-2010 ൽ 2522049/- രൂപ (2013 വരെയുള്ള പലിശ ഉൾപ്പെടെ) വില നിശ്ചയിച്ചിരുന്നു. വില നിശ്ചയിച്ചത് കുറവാണെന്ന കാരണത്താൽ സ്ഥല ഉടമ കോട്ടയം സബ് കോടതി മുമ്പാകെ LAR 1/2011 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് 16-6-2012 ൽ വിധിയായിട്ടുള്ളതുമാണ്. 1ാം കക്ഷിയായ ജില്ലാകളക്ടറും 2ാം കക്ഷിയായ വാകത്താനം ഗ്രാമപഞ്ചായത്തും എതിർവാദം ഉന്നയിച്ചിട്ടില്ല എന്ന് വിധി പ്രസ്താവത്തിൽ കാണുന്നു. ഉത്തരവ് പ്രകാരം പഞ്ചായത്ത് അധികം നല്കേണ്ട തുക

| | |
|---|---|
| ലാന്റ് വാല്യൂ @437246 | 8176500.20 |
| അക്വിസിഷൻ ഓഫീസർ നിശ്ചയിച്ച നിരക്ക് | 1215500.00 |
| ബാക്കി | 6961000.20 |
| 22-8-08 മുതൽ 31-03-2010 വരെ 12% പലിശ | 1343377.64 |
| സെലോഷ്യം 30% | 2088300.00 |
| ആകെ | 10392677.64<br>10392678/- |
| ഉയർത്തിയ വിലയുടെ 9% 3-5- 2010 മുതൽ 1 വർഷവും തുടർന്ന് 15% നിരക്കിലും പലിശ തുക ഡപ്പോസിറ്റ് ചെയ്യുന്നതു വരെ | |

16-6-2012 ലെ വിധിക്കെതിരെ ജില്ലാകളക്ടർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ജില്ലാകളക്ടറുടെ നിർദ്ദേശാനുസരണം 40 ലക്ഷം (4 തവണയായി) രൂപ ഡെപ്പോസിറ്റായി നല്കുകയും ചെയ്തു. എന്നാൽ തുക അടവാക്കാനുള്ള സമയം നീട്ടിക്കിട്ടുക മാത്രമാണ് ഉണ്ടായത്.വിധി നടപ്പാക്കുന്നതിന് ഹൈക്കോടതിയിൽ സ്ഥല ഉടമകൾ ഹർജി ഫയൽ ചെയ്യുകയും പഞ്ചായത്തിനെ കേട്ട ബഹു.ഹൈക്കോടതി കീഴ് ക്കോടതിക്ക് പുന: പരിശോധന നിർദ്ദേശം നല്കുകയും, പുന: പരിശോധിച്ച് 12-3-2019 ൽ വിധി പുറപ്പെടുവിക്കുകയും ചെയ്തു. പുനർ നിർണ്ണയിച്ച തുക

| | |
|---|---|
| ലാന്റ് വാല്യൂ @351298 | 6569273.00 |
| അക്വിസിഷൻ ഓഫീസർ നിശ്ചയിച്ച നിരക്ക് | 1215500.00 |
| ബാക്കി | 5353773.00 |
| 22-8-08 മുതൽ 31-03-2010 വരെ 12% പലിശ | 1033205.00 |
| സെലോഷ്യം 30% | 1606132.00 |
| ആകെ | 7993110.00 |
| ഉയർത്തിയ വിലയുടെ 9% 3-5- 2010 മുതൽ 1 വർഷവും തുടർന്ന് 15% നിരക്കിലും പലിശ തുക ഡപ്പോസിറ്റ് ചെയ്യുന്നതു വരെ | |

നിലവിൽ 2019 ലെ ഉത്തരവ് പ്രകാരമുള്ള തുക നല്കുന്നതിനെതിരെ പഞ്ചായത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നു. കേസ് ഫയലിൽ സ്വീകരിക്കുന്നതിന് കീഴ്ക്കോടതി വിധി പ്രകാരമുള്ള തുകയുടെ 50% കോർട്ട് ഡെപ്പോസിറ്റായി വയ്ക്കണമെന്ന നിർദ്ദേശപ്രകാരം തനത് ഫണ്ടിൽ നിന്നും 2021-22 വർഷം 5262995/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലാന്റ് വാല്യൂ @351298 | 6569273.00 |
| അക്വിസിഷൻ ഓഫീസർ നിശ്ചയിച്ച നിരക്ക് | 1215500.00 |
| ബാക്കി | 5353773.00 |
| സെലോഷ്യം 30% | 1606132.00 |
| ആകെ | 6959905/- |
| 22-8-08 മുതൽ 31-03-2010 വരെ 12% പലിശ | 976880/-- |

| | |
|---|---|
| 03-05-2010 മുതൽ 3-05-2011 വരെ 12% പലിശ | 626391/- |
| 03-05-2011 മുതൽ 01-07-2013 വരെ 15% പലിശ | 2261969/- |
| ആകെ | 10825145/- |
| കെട്ടിവെച്ച തുക | 4000000/- |
| ബാക്കി | 6825145/- |
| മുതൽ സംഖ്യയിൽ കെട്ടിവച്ച 40 ലക്ഷം കിഴിച്ച് | 2959905/- |
| 01-07-2013 മുതൽ 18-5-21 വരെ 15% പലിശ | 3496388/- |
| വിധി ഉടമസ്ഥന് ബാക്കി നല്കേണ്ട തുക | 10321533/- |
| 9/4/21 ഹൈക്കോടതി ഉത്തരവ് പ്രകാരം കെട്ടിവെക്കേണ്ട സംഖ്യ 50% Of 10321533 | 5160767/- |
| 9-4-21 മുതൽ കെട്ടിവെച്ച 31-7-21 വരെയുള്ള പലിശ | 102228/- |
| ആകെ കെട്ടി വെക്കേണ്ടത് | 5262995/- |

- ലാന്റ് അക്വിസിഷൻ ഓഫീസർ നിർണ്ണയിച്ച തുക കുറവാണെന്നതിനാൽ സ്ഥല ഉടമകൾ സബ്കോടതിയിൽ ഫയൽ ചെയ്ത കേസിൽ രണ്ടാം കക്ഷിയായിരുന്നിട്ടും എതിർ സത്യവാങ്മൂലം സമർപ്പാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.
- 2012 ലെ കോടതി വിധിക്കെതിരെ 2021 വരെ അപ്പീൽ സമർപ്പിക്കുകയോ,വിധി നടപ്പാക്കുകയോ ചെയ്യാത്തത് മൂലം പലിശ ഇനത്തിൽ വൻ ബാധ്യതയാണ് പഞ്ചായത്തിന് ഉണ്ടായത്. നിലവിൽ പലിശ ഇനത്തിൽ മാത്രമുള്ള ബാധ്യത 7463856/-രൂപയാണ്(ഹൈക്കോടതി വിധിക്ക് വിധേയം).
- ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലെന്നിരിക്കെ വർഷങ്ങൾ കഴിഞ്ഞിട്ടും ഏറ്റെടുത്ത സ്ഥലം ജനോപകാരപ്രദമാക്കുന്നതിനോ വരുമാനദായകമാക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

1-29 തെരുവുവിളക്ക് പരിപാലനത്തിന് ഫലപ്രദമായ നിർവ്വഹണ സംവിധാനം ഇല്ല

2021- 22 ൽ സ്ട്രീറ്റ് ലൈറ്റ് പരിപാലനവുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്നതിന് 05/22 നമ്പരായുള്ള പ്രോജക്ടും കൂലിചെലവിന് 145/22 നമ്പരായുള്ള പ്രോജക്ടും തയ്യാറാക്കിയിരുന്നു. ഇതിൽ സാധനങ്ങൾ വാങ്ങുന്നതിന് 498000/- രൂപയും (ചെക്ക് നം.223648/24.06.2021) കൂലിച്ചെലവ് 112300/- രൂപയും (ചെക്ക് നം.223697/13.09.2021) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം പഞ്ചായത്തിൽ ലഭ്യമല്ല.
- ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിലല്ലാതെ പ്രവൃത്തികൾ നടപ്പാക്കുന്നു.
- ഓരോ വാർഡിലേയും ആവശ്യകത പരിഗണിക്കാതെ വാങ്ങുന്ന സാധനങ്ങൾ 20 വാർഡിലേക്കുമായി തുല്യമായി വീതം വക്കുന്നു.
- വാങ്ങിയ സാധനങ്ങളുടെ വിനിയോഗത്തിന് മാനദണ്ഡങ്ങളില്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അറ്റകുറ്റപ്പണി കരാറുകാരന് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് പകരം 20 വാർഡിലേക്കുമായി വിതരണം ചെയ്യുന്നു. എന്നാൽ സാധനങ്ങൾ കൈപ്പറ്റുന്നത് ആരാണ് എന്ന് വ്യക്തമല്ല.
- 2020-21 ൽ 27-8-20മുതൽ 01-03-2021 വരെ 9 വാട്സ് 4000 ബൾബുകൾ വാങ്ങിയിട്ടുണ്ട്. ആയത് സ്ഥാപിച്ച് തീർന്നത് 28-06-2021 ലാണ്. പ്രസ്തുത ലൈറ്റുകൾക്ക് 08/21 മുതൽ 03/22 വരെ ഗ്യാരന്റി ഉള്ളപ്പോൾ ആയത് വിനിയോഗിക്കാതെ 2021-22 ൽ 12 W ന്റെ 3000 ലൈറ്റുകൾ വീണ്ടും വാങ്ങി ആയത് വാർഡുകളിൽ വിതരണം ചെയ്തതിലൂടെ സാമ്പത്തിക മിതത്വം പാലിക്കുന്നില്ല എന്നും

,വാങ്ങുന്ന സാധനങ്ങളുടെ വിതരണത്തിൽ സുതാര്യത ഇല്ല എന്നും കാണുന്നു.

- കൂലിചെലവിന് ആസൂത്രണം ചെയ്ത145/22 എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 2020-21 ൽ 1678 ലൈറ്റുകൾ നന്നാക്കുന്നതിന് 100 രൂപ പ്രകാരം 167800/- രൂപയും തൻ വർഷം 1123 ലൈറ്റുകൾ നന്നാക്കുന്നതിന് 100 രൂപ പ്രകാരം 112300/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും മുൻവർഷം വാങ്ങിയ 4000 ലൈറ്റുകളിൽ 2801 എണ്ണം (1678+1123) മാത്രമാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാകുന്നു. മുൻ വർഷം വാങ്ങിയ ലൈറ്റുകളിൽ 1199 എണ്ണം ഉപയോഗിക്കാതെ നീക്കിയിരിപ്പ് ഉള്ളപ്പോളാണ് 2021-22 ൽ 3000 ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്.
- തൻവർഷം ലൈറ്റുകൾ നന്നാക്കുന്നതിന് കൂലിച്ചലവായി 3ലക്ഷം വകയിരുത്തിയെങ്കിലും ചെലവ് ഉണ്ടായിട്ടില്ല. എന്നാൽ തൻവർഷം വാങ്ങിയ 3000 ലൈറ്റുകളും സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും വ്യക്തമായ പരിശോധനയില്ലാതെയാണ് സാക്ഷ്യപത്രം നല്കുന്നത് എന്ന് കാണക്കാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ അനിവാര്യചുമതലയായ തെരുവുവിളക്ക് പരിപാലനത്തിന് നിയതമായ സംവിധാനം പഞ്ചായത്തിൽ ഉള്ളതായി കാണുന്നില്ല. ചെലവഴിക്കുന്ന തുക ജനോപകാരപ്രദമായി എന്ന് ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിക്കോ കഴിയുന്നില്ല. മുൻവർഷം വാങ്ങിയ ഉപകരണങ്ങൾ പോലും വിനിയോഗിക്കാതെ തൻവർഷം 498000/-രൂപ ചെലവിൽ സാധനങ്ങൾ വാങ്ങിയത് സാമ്പത്തിക ദുർവ്യയമായി കണ്ട് തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/19.01.2023) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തൻവർഷം ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 498000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപയോഗിക്കാത്ത സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 പെറ്റി വർക്കുകളുടെ നിർവ്വഹണം - അപാകതകൾ

വൗച്ചർ നമ്പർ 22101026/11-2-2022 പ്രകാരം പഞ്ചായത്തിലെ 8-ആം വാർഡിൽ 100 മീറ്റർ മൺ റോഡ് നന്നാക്കിയതിന് സുജ വി സി എന്നയാളിന് തനത് ഫണ്ടിൽ നിന്നും 4500/- രൂപ നല്കിയിട്ടുണ്ട്. 10000/- രൂപ ചെലവിൽ വഴി നന്നാക്കിയെന്ന അപേക്ഷയിൽ വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും,അസിസ്റ്റന്റ് എഞ്ചിനീയറുടെ 4500/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യ പത്രവും പരിഗണിച്ച് 9-11-21 ലെ 7/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരമാണ് തുക നല്കിയത്. കേരളപഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം മരാമത്ത് പ്രവൃത്തികൾ കരാർവ്യവസ്ഥയിലോ,ഗുണഭോക്തൃസമിതി വഴിയോ,നേരിട്ടോ നിർവ്വഹണം നടത്താവുന്നതാണ്. പഞ്ചായത്തുകൾക്ക് 10000 രൂപ വരെയുള്ള പെറ്റിവർക്കുകൾ ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി വേണം കൂടാതെ നിലവിലുള്ള മരാമത്ത് പ്രവൃത്തി ചട്ടപ്രകാരം വേണം നിർവ്വഹണം നടത്താൻ. പ്രവൃത്തി പൂർത്തിയായാൽ ജില്ലാ ആസൂത്രണസമിതിക്ക് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങുകയും വേണം. എന്നാൽ ഈ വ്യവസ്ഥകളൊന്നും പാലിക്കാതെ പ്രവൃത്തിചെയ്യുന്നതിന് സ്വകാര്യവ്യക്തിക്ക് അനുമതി നല്കിയതിനും ഇയാളുടെ അപേക്ഷ പരിഗണിച്ച് തുക നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ 4500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭരണസമിതി വിഷയം പരിഗണിച്ച് പ്രവൃത്തികൾ നടത്തുന്നത് നിയമാനുസൃതമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലനം - അക്കൗണ്ടിംഗിലെ അപാകത

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നമ്പർ 06/21-22) 4 ലക്ഷം രൂപ വികസനഫണ്ട് (ബിൽ നം./തീ BRN-210806320/35101159821/19-2-22) അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതിക്ക് നല്കിയിട്ടുണ്ട്. 64 കന്നുകുട്ടികളെ എൻറോൾ ചെയ്യുന്നതിന് പഞ്ചായത്ത് വിഹിതം 6250 രൂപ ആണ്

നല്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ 1976 ൽ ആരംഭിച്ച് 2001-02 മുതൽ പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന പ്രോജക്ടിന്റെ ലക്ഷ്യം കന്നുകുട്ടിയുടെ ആദ്യപ്രസവം അല്ലെങ്കിൽ 28 മാസം ഏതാണോ ആദ്യം വരുന്നത് അതുവരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ, ഇൻഷുറൻസ് പരിരക്ഷ, വാക്സിനേഷൻ, മരുന്നുകൾ തുടങ്ങിയവ ഉറപ്പാക്കുകയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുകയുമാണ്. വെറ്ററിനറി സർജൻ ഹാജരാക്കിയ ധനവിനിയോഗവിവരം അനുസരിച്ച് പദ്ധതി നിർവ്വഹണത്തിന് പഞ്ചായത്ത് വിഹിതം 4 ലക്ഷം രൂപയും , സംസ്ഥാന സർക്കാർ വിഹിതം 4 ലക്ഷം രൂപയും ഉൾപ്പെടെ 8 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് വിഹിതം 193472/- രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

കന്നുകുട്ടി പരിപാലനപദ്ധതിക്ക് നിക്ഷേപിക്കുന്ന തുക വാർഷികകണക്കിൽ B-18 ഷെഡ്യൂളിൽ മറ്റ് ഏജൻസികൾക്ക് നല്കുന്ന മുൻകൂറുകളിൽ ഉൾപ്പെടുത്തി തുടർ നിരീക്ഷണം നടത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് യഥാർത്ഥ ചെലവായി ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള അക്കൗണ്ടിംഗ് നടത്താതെ നിക്ഷേപിക്കുമ്പോൾ തന്നെ യഥാർത്ഥ ചെലവായി പരിഗണിക്കുന്നതിനാൽ തുടർ നിരീക്ഷണം സാധിക്കാതെ വരുന്നു. വാർഷികകണക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ വിനിയോഗ വിവരം ലഭ്യമായതൊഴികെയുള്ള 206528/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-32 തുല്യതാകോഴ്സുകൾ -സാക്ഷരതാമിഷനിൽ നിന്ന് രേഖകൾ ലഭിച്ചില്ല

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 249/22 നമ്പർ പ്രോജക്ട് പ്രകാരം ഹയർസെക്കന്ററി തുല്യതാകോഴ്സ് ഫീസായി ജനറൽ വിഭാഗത്തിലെ 15,പട്ടികജാതി,പട്ടികവർഗവിഭാഗത്തിലെ 7 ഉൾപ്പെടെ ആകെ 22 വിദ്യാർഥികൾക്കായി 39600/രൂപയും എസ്.എസ്.എൽ.സി തുല്യതാ കോഴ്സിനായി പൊതുവിഭാഗം 15,പട്ടികജാതി,പട്ടികവർഗം 8 ഉൾപ്പെടെ ആകെ 23 വിദ്യാർഥികൾക്കായി 28550/രൂപയും സംസ്ഥാന സാക്ഷരതാ മിഷന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അടച്ചിട്ടുണ്ട്.രണ്ടിനങ്ങളിലുമായുള്ള ആകെ ചെലവ് 68150 രൂപ.(എസ്.എസ്.എൽ.സി തുല്യതാ കോഴ്സ് ഫീസ് എസ്.ബി.ഐ ശാസ്തമംഗലം ശാഖയിലെ 57026996123 നമ്പർ അക്കൗണ്ടിലേക്കും ഹയർസെക്കന്ററി തുല്യതാകോഴ്സ് ഫീസ് തിരുവനന്തപുരം യൂക്കോ ബാങ്ക് ശാഖയിലെ 02880100113107 നമ്പർ അക്കൗണ്ടിലും.)എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച സാക്ഷരതാ മിഷനിൽ നിന്നുള്ള രസീത്,കുട്ടികൾ കോഴ്സിൽ പങ്കെടുത്തതിന്റെയും തുല്യതാ പരീക്ഷ വിജയിച്ചതിന്റെയും വിശദാംശങ്ങൾ തുടങ്ങിയ രേഖകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.മതിയായ രേഖകളില്ലാതെ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനാവില്ല.

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.4/18.01.2023) മറുപടിയായി കുട്ടികൾ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്റെ ഹാജർ രേഖകൾ ലഭ്യമാക്കുകയും പരീക്ഷ എഴുതുന്നതിന് മൂന്ന് വർഷ കാലാവധി ഉള്ളതായും അറിയിച്ചു.എന്നാൽ സാക്ഷരതാമിഷനിൽ നിന്ന് ഫീസ് കൈപ്പറ്റിയതിന്റെ രേഖ, തുല്യതാ പരീക്ഷയിൽ കുട്ടികൽ പങ്കെടുത്തതിന്റെ ഉൾപ്പെടെ രേഖകൾ ഹാജരാക്കി പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പാക്കേണ്ടതാണ്. വർഷാവർഷം തുല്യതാപരീക്ഷയിൽ പങ്കെടുക്കുന്നവരുടെയും തുക ഒടുക്കുന്നതിന്റെയും സ്ഥിതി വിവരക്കണക്കുകൾ തയാറാക്കി പ്രോജക്ടിന്റെ കൃത്യമായ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

1-33 ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല

2021-22 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ബിൽ തയ്യാറാക്കിയപ്പോൾ കാലി ബാരലുകളുടെ വില ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം | പ്രോജക്ട് | കരാറുകാരൻ | ബാരലിന്റെ എണ്ണം | ഫണ്ടിനം, ആകെ ചെലവ്, ബിൽ നം | ഈടാക്കേണ്ടതുക (238+ 18%ജി.എസ്.ടി) |
|---|---|---|---|---|---|
| 1 | 253/22- | ഷാജി | 7 | മെയിന്റനൻസ് | 1967 |

| | | | | | |
|---|---|---|---|---|---|
| | വെള്ളത്തടം ഉപ്പൻകുന്ന് റോഡ് മെയിന്റനൻസ് | ആൻഡ്രൂസ് | | ഫണ്ട് (റോഡ്) 354756 45/26.3.22 | |
| 2 | 266/22 പരവൻ പൊയ്ക ഇടത്തറഭാഗം റോഡ്റീടാറിംഗ് | ഷാജി ആൻഡ്രൂസ് | 2 | മെയിന്റനൻസ് ഫണ്ട് (റോഡ്), 39431 43/26.3.22 | 562 |
| 3 | 67/22 പരവൻ പൊയ്ക ഇടത്തറ ഭാഗം റോഡ് റീടാറിംഗ് | പ്രദീഷ് ജേക്കബ് എബ്രഹാം | 13 | മെയിന്റനൻസ് ഫണ്ട് (റോഡ്), 274504 46/26.2.22 | 3653 |
| 4 | 49/22 തൃക്കോതമംഗലം ശിവക്ഷേത്രം കാടമുറി -കാടമുറി നരസിംഹ സ്വാമിക്ഷേത്രം റോഡ്റീടാറിംഗ് | ടോണി തോമസ് | 11 | ധനകാര്യ കമ്മിഷൻ അവാർഡ് 249444 | 3091 |
| 5 | 50/22 മനന്താനം പെരുവേലി പാലം റോഡ് റീ ടാറിംഗ് | ടോണി തോമസ് | 7 | മെയിന്റനൻസ് ഫണ്ട് (റോഡ്), 249444 | 1967 |
| | ആകെ | | | | 11240 |

കാലി ബാരലുകളുടെ വിലയായ 11240/- രൂപ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/23.1.23) തുക ഈടാക്കുന്നതാണെന്ന് മറുപടി നല്കി.അധികം നല്കിയ തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-34 വീട് വാസയോഗ്യമാക്കൽ -പൂർത്തീകരിച്ചില്ല

പൊതുവിഭാഗം ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി എന്ന വി ഇ ഒ നിർവഹണം നടത്തിയ 52/22-ാം നമ്പർ പ്രോജക്ട് പ്രകാരം ആദ്യഗഡു ധനസഹായം 25000/രൂപ വീതം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡുവായ 25000/രൂപ കൈപ്പറ്റിയില്ല.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| ബിനുമോൻ ഐസക്, കുന്നത്ത് ഹൗസ്, വാർഡ് 2 | 25000 | 16-12-2021 |

| | | |
|---|---|---|
| ഷിബു ജേക്കബ്, മഴക്കാട്ട് വാർഡ് 18 | 25000 | 29-12-2021 |
| ജോണി കുര്യൻ, കാഞ്ഞിരക്കാട്ട് വാർഡ് 3 | 25000 | 17-12-2021 |
| സത്യരാജ്, ഇലവക്കോട്ടാൽ വാർഡ് 20 | 25000 | 21-12-2021 |

2021 ൽ ആദ്യഗഡു കൈപ്പറ്റിയ ശേഷം പണികൾ പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റാത്തത് സംബന്ധിച്ച് അന്വേഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-35 ലൈഫ് ഭവനപദ്ധതി -പട്ടികവർഗവിഭാഗം -ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്

വി ഇ ഒ നിർവഹണം നടത്തിയ പ്രോജക്ട് നം 123/22,പട്ടികവർഗവിഭാഗം ഭവനപദ്ധതി പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയ (36000രൂപ)മഞ്ജു രഞ്ജിത്ത്,കൺടാമറ്റംചിറയിൽ എന്ന വ്യക്തി അവസാനമായി തുക കൈപ്പറ്റിയത് 26-03-2022 തീയതിയിലാണ്.എന്നാൽ ഓഡിറ്റ് തീയതിയിലും പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.
ഇയാൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-36 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ 67360289458 നമ്പർ അക്കൗണ്ടിൽ 31.3.22 ൽ 270812/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തനത് ഫണ്ട് വിഹിതം സെക്രട്ടറിയിൽ നിന്നും റിക്വിസിഷൻ നൽകി വാങ്ങി ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും കരാറുകാരുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ചെക്ക് വഴി നല്കുകയുമാണ് ചെയ്തു വന്നിരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന തുകയുടെ വരവ് ചെലവ് വിവരം കാഷ്ബുക്ക് തയ്യാറാക്കി രേഖപ്പെടുത്തിയിരുന്നില്ല. ലഭിച്ച തുകയിൽ നിന്നുള്ള നികുതി വിഹിതങ്ങളുടെ അടവ് വിവരം പരിശോധിക്കുന്നതിന് കഴിയുന്നില്ല. ലഭിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന സാഹചര്യവും നിലനില്ക്കുന്നു. ആയതിനാൽ ബാങ്ക് നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. ടി വിഷയം 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-30 ൽ സൂചിപ്പിച്ചിരുന്നതും അക്കൗണ്ടു വഴിയുള്ള വിനിമയങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ നിലവിലും ടി നിർദ്ദേശം പാലിച്ചിട്ടില്ല. 16.10.17 ൽ 156000/- രൂപ നീക്കിയിരുപ്പ് ഉണ്ടായിരുന്നത് 25.12.22 ൽ 184239/- രൂപയായി അവശേഷിക്കുന്നു. ആയത് നികുതി വിഹിതം സർക്കാരിലേക്ക് അടക്കാനുള്ളതോ കരാറുകാരുടെ വിഹിതം നല്കാനുള്ളതോ ആണ്. നേരിട്ട് ഗുണഭോക്താവിന് തുക നല്കുന്ന സംവിധാനം നിലവിൽ വന്നശേഷവും (DBT) ഇത്തരത്തിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് അംഗീകരിക്കാവുന്നതല്ല. അക്കൗണ്ടിലെ നീക്കിയിരിപ്പ് ഇനംതിരിച്ച് കണക്കാൻ കഴിയുന്നവ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കിയതിനു ശേഷം ടി അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിർത്തി ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീസ് ശേഖരിക്കുന്നതിന് ഉടങ്ങുവാൻ നിർദ്ദേശിച്ചിട്ടുള്ള കറന്റ് അക്കൗണ്ടായി ഇതു മാറ്റേണ്ടതാണ്. ബാക്കി തുക പിൻവലിച്ച് പഞ്ചായത്ത് തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ബി 4 ഷെഡ്യൂളിൽ ബാധ്യത കണക്കിൽ അക്കൗണ്ട് ചെയ്തു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26/07/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 31/07/2022 ലെ SC1-100/2022 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/01/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം- 3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 7.2 ലക്ഷം രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 6 ലക്ഷം രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 120,000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി (100/22) | 120,000/- | 0 |
| | 2021-22 | 300,000/- | ലൈഫ് ഭവന പദ്ധതി-പട്ടികവർഗ്ഗം (123/22) | 300,000/- | 0 |
| | 2021-22 | 300,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(114/22) | 300,000/- | 0 |
| ആകെ | | 720,000/- | ജില്ലാ പഞ്ചായത്ത് വിഹിതം | 720,000/- | 0 |
| മാടപ്പള്ളി | 2021-22 | 100,000/- | അങ്കണവാടികൾക്ക് | 100,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | അനുപൂരക പോഷണം (83/22) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(114/22) | 300,000/- | 0 |
| | 2021-22 | 200,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (98/22) | 200,000/- | 0 |
| ആകെ | | 600,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 600,000/- | 0 |

ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുന്നിരിപ്പായി നിലനിനിനിരുന്നതിന്റെ കണക്കുകളും വിശദാംശവും എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതം മുന്നിരിപ്പ് വിശദാംശം എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (138/22) | 31,770/- | ഇല്ല | 31,770/- |
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (146/22) | 136,404/- | ഇല്ല | 136,404/- |
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (19/22) | 98,401/- | ഇല്ല | 98,401/- |
| | ആകെ | 266,575/- | ഇല്ല | 266,575/- |

കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 266,575/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 17,391,599/- | ഇല്ല | 3,740,000/- | - | 13,651,599/- |

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2021-22 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 3,065,333/- രൂപ, 674,667/- രൂപ എന്നിങ്ങനെ ആകെ 37.4 ലക്ഷം രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. എന്നാൽ വായ്പ ശീർഷകത്തിൽ വികസന ഫണ്ടിലെ ആദ്യ രണ്ട് ഗഡു പ്രകാരമുള്ള 28.38 ലക്ഷം രൂപ തിരിച്ചടവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. മൂന്നാം ഗഡുവിൽ നിന്നുള്ള 9.02 ലക്ഷം രൂപ തിരിച്ചടവ് അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ വായ്പ ശീർഷകം 31/03/2022 ലെ ബാലൻസ് ഷീറ്റിൽ 9.02 ലക്ഷം രൂപ അധിക ബാധ്യത പ്രതിഫലിക്കുന്നു. വായ്പ കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം 180400101-Recovery From Employees-Audit Recovery Based On Charge Certificate ശീർഷകത്തിൽ 28,940/- രൂപ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പ്രകാരം വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വാകത്താനം പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-4-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-8 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 109269028/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92438695/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,348,586 /- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 639,558/- | അനിൽകുമാർ ഡി., സെക്രട്ടറി |
| 1-29 | 498,000/- | അനിൽകുമാർ ഡി., സെക്രട്ടറി |
| 1-30 | 4,500/- | അനിൽകുമാർ ഡി., സെക്രട്ടറി |
| 1-31 | 206,528/- | ഡോ. വിജിമോൾ എ. എം., വെറ്റിനറി സർജൻ |
| ആകെ | 1,348,586/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-19,1-28

വകുപ്പുതല നിരീക്ഷണവും തുടർനടപടിയും ആവശ്യമായ-ഖണ്ഡിക 1-30

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| അനിൽകുമാർ ഡി., സെക്രട്ടറി | അനിൽകുമാർ ഡി., സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത് | അനിത വിലാസം, പ്രക്കാനം(പി.ഒ.), പത്തനംതിട്ട- 689643. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/12/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 & 2001-02 | കെ.എസ്.എ- കെ.ടി.എം.പി10/അദാ- 2022/399/2022 /25.08.2022 | 2 |
| 1998-99 | എൽ.എഫ്.കെ.പി1/190 /അദാ/22.02.2011 | 1 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി8/124 /2008/ 29.12.2009/08.03.2010 | 5 |
| 2005-06 | കെ.എസ്.എ- കെ.ടി.എം.പി10/അദാ- 2022/1084(5)/2022 /25.08.2022 | 5 |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി10/അദാ- 2022/1084(6)/2022 /25.08.2022 | 2 |
| 2009-10 | കെ.എസ്.എ.- കെ.ടി.എം.പി3/1491/2016/ 04.12.2017/ 19.12.2017 | 3 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി10/അദാ- 2022/1106(3)/2022 /25.08.2022 | 5 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി10/അദാ- 2022/1084(7)/2022 /25.08.2022 | 2 |
| 2014-15 | കെ.എസ്.എ- | 8 |

| | | |
|---|---|---|
| | കെ.ടി.എം.പി10/അദാ-2022/1106(4)/2022 /25.08.2022 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1084(8)/2022 /25.08.2022 | 3 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1106(5)/2022 /25.08.2022 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1106(6)/2022 /25.08.2022 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10-1396/2019 /20.05.2020/ 12.06.2020 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/326/2022/ 27.07.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/1441/2022/ 23.07.2022 | - |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്